**Circular No. 141**
**Media Day 2013**

Catholic Metropolitanís House
P.B. No. 71, Kottayam -686 001
Kerala, India

Date: 28 - 10 - 2013

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

ആഗോള കത്തോലിക്കാസഭ 2013 നവംബർ 17 മാധ്യമദിനമായി ആചരിക്കുകയാണ്. "സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ; സത്യത്തിന്റെയും വിശ്വാസത്തിന്റെയും വാതിലുകൾ; സുവിശേഷവത്കരണത്തിന്റെ പുതിയ ഇടങ്ങൾ" എന്ന ആശയമാണ് ഈ വർഷത്തെ മാധ്യമദിന ചിന്താവിഷയമായി നമുക്ക് നല്കപ്പെട്ടിരിക്കുന്നത്. മാധ്യമങ്ങൾ നമുക്ക് വാർത്തകളുടെയും വിജ്ഞാനത്തിന്റെയും ലോകത്തേക്കുള്ള വാതായനങ്ങളാണ്. ഡിജിറ്റൽ സോഷ്യൽ നെറ്റ്‌വർക്കുകളിലൂടെ ആളുകൾ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നു. സൗഹൃദങ്ങളുടെയും ബന്ധങ്ങളുടെയും കേന്ദ്രങ്ങൾ ആയി ഇവ തീർന്നിരിക്കുന്നു. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളുടെയും സോഷ്യൽ നെറ്റ്‌വർക്കുകളുടെയും സ്വാധീനവും അതിനാൽ തന്നെ അവയ്ക്ക് സമൂഹത്തിലുള്ള പ്രാധാന്യവും നമ്മുടെ സത്വരശ്രദ്ധ അർഹിക്കുന്നു.

മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരുടെ വിവേകവും സത്യസന്ധതയും ഏറെ പ്രധാനവും പ്രേക്ഷകർക്ക് അവ അവകാശപ്പെട്ടതുമാണ്. സത്യത്തെയും മൂല്യങ്ങളെയും മറന്ന് പൊതുജനങ്ങളെ ഏതുവിധേനയും ആകർഷിക്കുക എന്ന ലക്ഷ്യത്താൽ മാത്രം നയിക്കപ്പെട്ടാൽ മാധ്യമപ്രവർത്തകർ സമൂഹത്തിനും തലമുറകൾക്കു തന്നെയും വലിയ ദോഷങ്ങളായിരിക്കും വരുത്തിവയ്ക്കുന്നത്. നിർഭാഗ്യവശാൽ അത്തരത്തിലുള്ള പ്രവണതകൾ ഇന്ന് ഏറിവരുന്നത് ആശങ്കയോടെ നാം നോക്കിക്കാണണം. ഡിജിറ്റൽ സോഷ്യൽ നെറ്റ്‌വർക്കുകളുടെ കാര്യത്തിൽ സൈബർ സ്പെയ്സുകളിലൂടെ ഒരാൾ കൈമാറ്റം ചെയ്യുന്നത് ഏതാനും ആശയങ്ങളും വിവരങ്ങളും മാത്രമല്ല, പിന്നെയോ ആത്യന്തികമായി അവനവനെത്തന്നെയാണ്. പരസ്പര ബഹുമാനത്തോടും ഉത്തരവാദിത്വത്തോടും സത്യസന്ധതയോടും കൂടി സൗഹൃദങ്ങൾ വളർത്തേണ്ടത് ആരോഗ്യകരമായ മനുഷ്യബന്ധങ്ങൾക്ക് അനിവാര്യമാണ്.

സൈബർ മാധ്യമലോകത്തിന്റെ അനന്ത സാധ്യതകൾ വിശ്വാസത്തിന്റെയും സാഹോദര്യത്തിന്റെയും പ്രേഷിതരാകുവാൻ നമ്മെ സഹായിക്കുന്നുണ്ട്. യേശുവിന്റെ സന്ദേശത്തിലും അവിടുത്തെ പ്രബോധനം പരിപോഷിപ്പിക്കുന്ന മനുഷ്യമഹത്വ മൂല്യങ്ങളിലും പങ്കുചേരുന്നവരാണ് വിശ്വാസികളായ നാമെല്ലാവരും. നാമുൾപ്പെടുന്ന ഡിജിറ്റൽ ലോകത്തിലും ആ സദ്‌വാർത്തയുടെ വാഹകരും പ്രവാചകരുമായിരിക്കാൻ നമുക്ക് കടമയുണ്ട്. ഇന്ന് ഡിജിറ്റൽ നെറ്റ്‌വർക്കുകൾ കേവലം ഒരു സാധ്യതയോ സാഹചര്യമോ എന്നതിലുപരി അനേകരുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ അനുദിനജീവിതത്തിന്റെ അവിഭാജ്യ ഭാഗമാണ്. അതിനാൽ തന്നെ, അനേകലക്ഷങ്ങളുടെ ഹൃദയങ്ങളിൽ നന്മയുടെ വിത്തു വിതയ്ക്കാൻ ദൈവം നമുക്കു നൽകുന്ന പുതിയ ഇടങ്ങളാണ് സോഷ്യൽ നെറ്റ്‌വർക്കുകൾ. ഡിജിറ്റൽ ഭാഷ ഉപയോഗിക്കാൻ വേണ്ട കഴിവ് ഏവരും നേടേണ്ടത് ആനുകാലികമായിരിക്കാൻ വേണ്ടി മാത്രമല്ല മറിച്ച്, യേശുവിന്റെ സുവിശേഷത്തിന്റെ സന്ദേശം മനുഷ്യമനസ്സുകളിൽ പതിക്കാൻ വേണ്ടി കൂടിയാവണം അത്. ക്രൈസ്തവ വിശ്വാസപാരമ്പര്യം എപ്പോഴും അടയാളങ്ങൾകൊണ്ടും പ്രതീകങ്ങൾ കൊണ്ടും സമ്പന്നമാണെന്ന് നമുക്കറിയാം. ഉദാഹരണങ്ങളായി, കുരിശിന്റെ അടയാളങ്ങളും, കന്യകാമറിയത്തിന്റെ ഐക്കണുകളും തിരുസ്വരൂപങ്ങളും, ക്രിസ്മസ് പുൽക്കൂടും ആത്മീയതയുണർത്തുന്ന സംഗീതശീലുകളും സ്തുതിഗീതങ്ങളും വിശ്വാസസത്യങ്ങൾ പ്രചരിപ്പിക്കുവാൻ കലാകാരന്മാരാലും സംഗീതജ്ഞന്മാരാലും സൃഷ്ടിക്കപ്പെട്ടവയാണ്. അവ ഈ നാളുകളിൽ ആദരിക്കപ്പെടേണ്ടതും പ്രചരിപ്പിക്കപ്പെടേണ്ടതും നമ്മിലൂടെയാണ്.

വിശ്വാസവർഷത്തിന്റെ പുണ്യനാളുകളിലൂടെ കടന്നുപോകുന്ന നാം വിശ്വാസകൈമാറ്റവും പ്രേഷിതപ്രവർത്തനവും അതീവ താൽപര്യത്തോടെ ഏറ്റെടുക്കേണ്ടതുണ്ട് എന്ന് 'വിശ്വാസവെളിച്ചം' എന്ന ചാക്രികലേഖനത്തിലൂടെ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "എനിക്കു ലഭിച്ചത് ഞാൻ നിങ്ങൾക്ക് ഏൽപിച്ചു തന്നു" (1 Cor 15: 13) എന്ന വി. പൗലോസിന്റെ വാക്കുകൾ വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം പറയുന്നു : "ദൈവസ്നേഹത്തിലേയ്ക്ക് തങ്ങളുടെ ഹൃദയങ്ങൾ തുറക്കുകയും അവിടുത്തെ സ്വരം ശ്രവിക്കുകയും അവിടുത്തെ പ്രകാശം സ്വീകരിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഈ ദാനം തങ്ങൾക്കു മാത്രമായി സൂക്ഷിച്ചു വയ്ക്കുവാൻ കഴിയുകയില്ല. .... ഒരു മെഴുകുതിരി മറ്റൊരു മെഴുകുതിരിയിൽ നിന്ന് കത്തിച്ചെടുക്കുന്നതുപോലെ തന്നെ വിശ്വാസത്തിന്റെ പ്രകാശം ഒരു വ്യക്തിയിൽനിന്ന് മറ്റൊരു വ്യക്തിയിലേയ്ക്ക് സമ്പർക്കം വഴി കടന്നു ചെല്ലുന്നു" (cfr. വിശ്വാസവെളിച്ചം, 37). ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ദൈവസ്നേഹം അറിയിക്കാൻ നമുക്ക് കടമയുണ്ട്. വ്യക്തികളും, സമൂഹങ്ങളും, സമർപ്പിതരും, അൽമായരും, മുതിർന്നവരും, യുവജനങ്ങളും തങ്ങൾക്ക് ലഭ്യമായ സാധ്യതകൾ അതിനായി പരമാവധി പ്രയോജനപ്പെടുത്തണം.

ഡിജിറ്റൽ ലോകത്തിന്റെ അനന്തസാധ്യതകൾ വിലമതിക്കുന്നതോടൊപ്പം അവയുടെ അപക്വവും നിരുത്തരവാദിത്വപരവുമായ ദുരുപയോഗങ്ങൾ മൂലം പലതരത്തിലുള്ള ചൂഷണങ്ങൾക്കും ഇരയാകുന്നവരും അബദ്ധപ്രചരണങ്ങളാൽ സ്വാധീനിക്കപ്പെട്ട് വിശ്വാസ - ധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നവരും ഉണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്. കുടുംബങ്ങളിൽ കുട്ടികൾക്ക് മാധ്യമലോകത്തെക്കുറിച്ച് ശരിയായ അറിവും നല്ലതും മോശമായതും തിരിച്ചറിയാനുള്ള പരിശീലനവും നൽകേണ്ടതുണ്ട്. അതിലുപരി, മാതാപിതാക്കളും മുതിർന്നവരും തങ്ങളുടെ കുടുംബത്തിലെ ഇളംതലമുറയ്ക്ക് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൈബർ മാധ്യമങ്ങളുടെയും വിനിയോഗത്തിൽ മാതൃക നൽകണം. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനയെപോലും അവഗണിച്ച് ടി.വി., ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾക്കു മുമ്പിൽ സമയം ചെലവഴിക്കുന്ന കുടുംബങ്ങൾ തങ്ങളുടെ മക്കൾക്ക് നല്ല മാതൃകയല്ല നൽകുന്നതെന്ന് നാം ഓർക്കണം. അതോടൊപ്പം, കുടുംബങ്ങളിൽ വിശ്വാസപോഷണത്തിന് ഉപകരിക്കുന്ന നല്ല കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വരുത്തി വായിക്കാനും നാം ശ്രദ്ധിക്കണം.

മാധ്യമലോകത്ത് പ്രവർത്തിക്കുന്നവരിൽ സത്യത്തിനും വിശ്വാസത്തിനും മൂല്യം കല്പിക്കുന്ന അനേകരുണ്ടെന്നത് നമുക്ക് ആശ്വാസം പകരുന്നു. ദൈവരാജ്യത്തിന്റെ പ്രഘോഷണത്തിനായി അവർ ചെയ്യുന്ന ത്യാഗസമർപ്പണങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. വിശ്വാസത്തിന്റെ വെളിച്ചം ലോകത്തിന്റെ അതിർത്തികൾ വരെയും പ്രോജ്വലിപ്പിക്കുന്നതിന് ലഭ്യമായ മാധ്യമസാധ്യതകളെ മുഴുവൻ പ്രയോജനപ്പെടുത്തുവാൻ നമുക്കേവർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2013 നവംബർ 10-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രക്കാഴ്ച അതിരൂപതാ കേന്ദ്രത്തിൽ മീഡിയാ പ്രവർത്തനങ്ങൾക്കായി ഏൽപിക്കേണ്ടതുമാണ്.